പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3591

10-04-2013 – ൽ മറുപടിയ്ക്ക്

## പലിശരഹിത കൃഷി വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി.വിജയദാസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പലിശരഹിത കൃഷി വായ്പകൾ എന്നുമുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. 2012-13 വർഷം മുതൽ ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നതാണ്. |
| (ബി) ആയത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള രണ്ടു ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>കാർഷിക വായ്പ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക്, ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ, തുക കാലാവധിക്കുള്ളിൽ അതായത് കുടിശ്ശികയില്ലാതെ തവണ തീയതിയിലോ അതിന് മുമ്പോ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന 3 ശതമാനം പലിശ സബ്സിഡി (ഇന്ററസ്റ്റ് സബ്വെൻഷൻ) കഴിച്ചു പരമാവധി 5 ശതമാനം പലിശ (വായ്പയുടെ പലിശയ്ക്ക് അനുസരണമായി) ടി വായ്പകൾക്ക് പലിശ അനുവദിക്കുന്ന താണ്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7 ശതമാനം പലിശ ആയതിനാൽ 3 ശതമാനം പലിശ |

| | | | |
|---|---|---|---|
| | | | സബ്‌വെൻഷൻ കഴിച്ചു ബാക്കി 4 ശതമാനം പലിശ സബ്സിഡി മാത്രമേ അനുവദിയ്ക്കുകയുള്ളൂ. |
| (സി) | നാഷണലൈസ്ഡ് ബാങ്കുകളെ കൂടാതെ സഹകരണ ബാങ്കുകളെയും ഇതിനായി തെരഞ്ഞെടുക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നല്കുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വ്യ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. |
| (ഡി) | വായ്പാ കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ ; കാലാവധി കഴിഞ്ഞാൽ പലിശ ഈടാക്കുമോ? | (ഡി) | 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം എല്ലാ കാർഷിക വായ്പകൾക്കും പ്രഖ്യാപിക്കുകയും 2012-13 വർഷം മുതൽ ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുകയും ചെയ്യുന്നതാണ്.<br>സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് ടി ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ